# VAKATHANAM
# ST. IGNATIUS CHURCH



**1928**–ൽ വാകത്താനം സെന്റ് ജോൺസ് പള്ളിയിൽ നിന്നും വിശ്വാസസംബന്ധമായ അഭിപ്രായ വ്യത്യാസത്തിൽ പരി. അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ നിലനിൽക്കുന്നതിനുവേണ്ടി മലങ്കര യാക്കോബായ സുറിയാനി സഭയുടെ കോട്ടയം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായിരുന്ന നി.വ.ദി.ശ്രീ. മീഖായേൽ മോർ ദീവന്നാസ്യോസ് തിരുമനസ്സിലെ അനുഗ്രഹാശിസ്സുകളോടെ പാതിയപ്പള്ളിൽ കുര്യൻ അന്ത്രയോസ് 4–2–1928 (20–6–1103 ങ്ള) സമർപ്പിച്ച അപേക്ഷയിന്മേൽ തിരുവിതാംകൂർ സർക്കാർ 29–3–1928 –ൽ പുറപ്പെടുവിച്ച ഞഉ/ട 485/25ടഅാം നമ്പർ ഉത്തരവിൻപ്രകാരം ഈ പള്ളിയും അതിനോടു ചേർന്ന ശവക്കോട്ടയും പാതിയപ്പള്ളി കുര്യൻ അന്ത്രയോസും കരിത്തലയ്ക്കൽ മാത്യുമാത്യുവും ചേർന്ന് സൗജന്യമായി കൊടുത്ത സ്ഥലത്ത് യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ പാരമ്പര്യവും അന്ത്യോഖ്യാ സിംഹാസനത്തിന്റെ വിശ്വാസാചാരപ്രകാരവും ആരാധന നടത്തുന്നതിനായി സ്ഥാപിച്ചു. കോട്ടയം സബ് രജിസ്റ്റർ ആഫീസിൽ 1108–ാം ആണ്ട് മകരമാസം 17–ാം തീയതി 1148–ാം നമ്പരായി രജിസ്റ്റർ ചെയ്ത ഉടമ്പടിയിലെ വ്യവസ്ഥകൾ അനുസരിച്ചും യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷനിൽ അംഗമായതിനാലും അസ്സോസിയേഷന്റെ 2002 ലെ ഭരണഘടന അംഗീകരിച്ചതിനാലും അതിലെ നിബന്ധനകൾക്കൂടി ഉൾക്കൊണ്ടും തുടരുന്നതുമാകുന്നു.

പള്ളിയുടെ പ്രധാന ത്രോണോസ് പരിശുദ്ധനായ മോർ ഇഗ്നാത്തിയോസ് നൂറോനോയുടെ നാമത്തിലും വടക്കും തെക്കും ത്രോണോസുകൾ യഥാക്രമം വി. ദൈവമാതാവിന്റെയും മോർ യൂഹാനോൻ മാംദാനായുടെയും നാമത്തിലും സ്ഥാപിച്ചിരിക്കുന്നതുമാകുന്നു. കൊല്ലവർഷം 1104 തുലാം 19–ാം തീയതി ഇടവക മെത്രാപ്പോലീത്ത പുണ്യശ്ലോകനായ മീഖായേൽ മോർ ദീവന്നാസ്യോസ് തിരുമനസ്സുകൊണ്ട് ഈ പള്ളിയിൽ പ്രഥമ ദിവ്യബലി അർപ്പിച്ചു.

ജനുവരി 28, 29 തീയതികളിൽ മോർ ഇഗ്നാത്തിയോസ് നൂറോനോയുടെ നാമത്തിലുള്ള പെരുനാളും ജനുവരി 7 നോ അതിനടുത്ത ഞായറാഴ്ചയോ മോർ യൂഹാനോൻ മാംദാനായുടെ പുകഴ്ചപ്പെരുനാളും സെപ്റ്റംബർ 1 മുതൽ 8 വരെ എട്ടുനോമ്പും വി. ദൈവമാതാവിന്റെ ജനനപ്പെരുനാളും, ജനുവരി 18–ാം തീയതിയോ അതിനടുത്ത ഞായറാഴ്ചയോ മീഖായേൽ മോർ ദീവന്നാസ്യോസ് തിരുമേനിയുടെ ശ്രാദ്ധപ്പെരുനാളും ആചരിച്ചു വരുന്നു. ഈ പള്ളിവകയായി ഞാലിയാകുഴി കവലയിലുള്ള കുരിശുപള്ളിയിൽ മാർച്ച് 25

-ാം തീയതി വചനിപ്പ് പെരുനാൾ ആചരിക്കുന്നു. പുതുക്കി പണിത പള്ളിയുടെ കൂദാശ 27-4-1952 ൽ മീഖായേൽ മോർ ദീവന്നാസ്യോസ് തിരുമേനി നിർവഹിച്ചു.

പ്രഥമ വികാരിയായി ഇടത്തറയിൽ യേശുകത്തനാരും സഹവികാരിയായി കൂട്ടുങ്കൽ ഗീവർഗീസ് കത്തനാരും ശുശ്രൂഷിച്ചുപോന്നു. പിന്നീട് വൈദ്യൻപറമ്പിൽ കുര്യാക്കോസ് കത്തനാരും വേങ്കടത്ത് കുര്യാക്കോസ് കത്തനാരും വികാരിമാരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1945 മുതൽ ആയുഷ്ക്കാല വികാരിയായി ഈ ഇടവകാംഗമായ പാതിയപ്പള്ളിൽ കുര്യാക്കോസ് കത്തനാർ സേവനമനുഷ്ഠിക്കുന്നു. ഇരമംഗലം ഇ.വി. ജോണച്ചൻ സഹവൈദികനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ കുളത്തുങ്കൽ തോമസ് അച്ചനും, അട്ടച്ചിറയിൽ ജോസി ഏബ്രഹാം അച്ചനും സഹവൈദികരായി സേവനമനുഷ്ഠിക്കുന്നു. ഈ ഇടവകാംഗമായ കരിത്തലയ്ക്കൽ ഗീവർഗീസ് അച്ചൻ ഇപ്പോൾ അമേരിക്കയിൽ ശുശ്രൂഷ നടത്തിവരുന്നു. ശുശ്രൂഷകനായി പി. കെ. നൈനാൻ സേവനമനുഷ്ഠിക്കുന്നു.

മഞ്ഞനിക്കരയിൽ അന്ത്യവിശ്രമം കൊള്ളുന്ന പരി. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ 1932 ജനുവരിമാസത്തൽ ഈ പള്ളി സന്ദർശിച്ചിട്ടുണ്ട്. ഞാലിയാകുഴി കുരിശുപള്ളി 1964-ൽ പരി. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവായും, 1982-ൽ പരി. സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായും സന്ദർശിച്ചിട്ടുണ്ട്. ഇപ്പോൾ ഈ ഇടവകയിൽ 68 കുടുംബങ്ങൾ ഉണ്ട്. ആത്മീയ സംഘടനകളായ സൺഡേസ്കൂൾ, മർത്തമറിയം വനിതാ സമാജം, പ്രാർത്ഥനായോഗം, അന്ത്യോഖ്യാ വിശ്വാസ സംരക്ഷണസമിതി എന്നിവ പ്രവർത്തിച്ചു വരുന്നു. പള്ളിയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ഫണ്ട് ശേഖരണത്തിന്റെ ഉദ്ഘാടനം ഇടവക മെത്രാപ്പോലീത്ത നി.വ.ദി.ശ്രീ. തോമസ് മോർ തീമോത്തിയോസ് തിരുമനസ്സുകൊണ്ട് 9-1-2005 ൽ നിർവ്വഹിച്ചു.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org